പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2664

27/01/2014-ൽ മറുപടിയ്ക്കു്

**ശബരിമലയിൽ സുരക്ഷിത തീർത്ഥാടനത്തിനുള്ള സൗകര്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. സാജുപോൾ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പു മന്ത്രി. |
| എ) മണ്ഡലകാലത്ത് ശബരിമലയിൽ സുഗമമായ തീർത്ഥാടനത്തിന് സൗകര്യങ്ങളൊരുക്കുന്നതിൽ വീഴ്ച വന്നതിനെക്കുറിച്ച് പരിശോധന നടത്തിയോ; വിശദാംശം ലഭ്യമാക്കുമോ; | (എ) വീഴ്ചകൾ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) അയ്യപ്പഭക്തരെ പോലീസ് ക്രൂരമായി മർദ്ദിച്ചതിനെക്കുറിച്ച് ദേവസ്വം വകുപ്പ് അന്വേഷണം നടത്തി നടപടി സ്വീകരിക്കുകയുണ്ടായോ; വിശദമാക്കുമോ; | (ബി) ദേവസ്വം വകുപ്പിന്റെ പ്രത്യേക അന്വേഷണം നടന്നിട്ടില്ല. എന്നാൽ അയ്യപ്പഭക്തരെ പോലീസ് മർദ്ദിച്ചിട്ടില്ലെന്നും ശബരിമലയിൽ സ്ഥാപിച്ചിട്ടുള്ള സി.സി.റ്റി.വി.യിലെ ദൃശ്യങ്ങളും മാധ്യമങ്ങളിലൂടെ വന്നദൃശ്യങ്ങളും പരിശോധിച്ചതിൽ അസാധാരണമായ ഭക്തജനതിരക്ക് അപകടത്തിലേയ്ക്ക് നയിക്കുമായിരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടിയുള്ള നടപടിയല്ലാതെ ഏതെങ്കിലും തരത്തിലുള്ള അതിക്രമം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും പോലീസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. തിരക്കിനിടയിൽ അയ്യപ്പഭക്തരെ 'ക്യൂ' വിലൂടെ അതിവേഗം മുന്നോട്ട് കടത്തിവിടുന്നതിന് ശ്രമിക്കുമ്പോൾ ഒരു പോലീസ് ഉദ്യോഗസ്ഥൻ താൻ പാലിക്കേണ്ടിയിരുന്ന മിതത്വം |

പാലിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു എന്നും ഉടൻതന്നെ സ്ഥലത്തുണ്ടായിരുന്ന പോലീസ് കൺട്രോളർ ഇടപെട്ട് ആ ഉദ്യോഗസ്ഥനെ ഡ്യൂട്ടിയിൽ നിന്നും മാറ്റുകയും തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട് എന്നും പോലീസിന്റെ മറുപടിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

| | |
|---|---|
| സി) വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി സുരക്ഷിത തീർത്ഥാടനം ഏർപ്പെടുത്താൻ എന്തെല്ലാം അധിക നടപടികൾ സ്വീകരിക്കാനുദ്ദേശി ക്കുന്നുവെന്ന് അറിയിക്കുമോ? | (സി) മണ്ഡല മകര വിളക്ക് ആരംഭിക്കുന്നതിന് മുൻപുതന്നെ അപകടരഹിതവും സുരക്ഷിത വുമായ തീർത്ഥാടനത്തിനായി വിവിധ വകുപ്പു മേധാവികളുടെയും ജനപ്രതിനിധികളുടെയും യോഗങ്ങൾ സർക്കാർ തലത്തിൽ വിളിച്ചു ചേർക്കുകയും തയ്യാറെടുപ്പുകൾ വിലയിരു ത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നൽകുകയും ചെയ്തിരുന്നു. വരും വർഷങ്ങളിലും ഇത്തരം നടപടികൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ